# കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്

**ഐ.എസ്.ഒ. 9001 – 2015 അംഗീകൃതം**

**14-ാം പഞ്ചവത്സര പദ്ധതി**

**നവകേരളത്തിന് ജനകീയാസൂത്രണം**


# വാർഷിക പദ്ധതി

# 2026-27

# അന്തിമ പദ്ധതി രേഖ

# പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1) | ഗ്രാമപഞ്ചായത്തിന്റെ പേര് | - | കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് |
| 2) | ആസ്ഥാനം | - | കടപ്ലാമറ്റം |
| 3) | വിസ്തീർണ്ണം | - | 22.02 ച.കി. |
| 4) | വാർഡുകൾ | - | 14 |
| 5) | ആകെ വീടുകൾ | - | 3186 |
| 6) | ജനസംഖ്യ | - | 13046 |
| | പുരുഷന്മാർ | - | 6428 |
| | സ്ത്രീകൾ | - | 6618 |
| | പട്ടികജാതി | - | 1475 (പുരുഷന്മാർ - 705, സ്ത്രീകൾ - 770) |
| | പട്ടികവർഗ്ഗം | - | 44 (പുരുഷന്മാർ - 21, സ്ത്രീകൾ -23) |
| 7) | സാക്ഷരതാ നിലവാരം | - | 97.07% |
| 8) | വില്ലേജ് | - | കടപ്ലാമറ്റം |
| 9) | ബ്ലോക്ക് | - | ഉഴവൂർ |
| 10) | താലൂക്ക് | - | മീനച്ചിൽ |
| 11) | ജില്ല | - | കോട്ടയം |
| 12) | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | കടപ്ലാമറ്റം |
| 13) | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | കുറവിലങ്ങാട് |
| 14) | അസംബ്ലി നി. മണ്ഡലം | - | കടുത്തുരുത്തി |
| 15) | പാർലമെന്റ് നി. മണ്ഡലം | - | കോട്ടയം |
| 16) | അതിരുകൾ | | |
| | വടക്ക് | - | കുറവിലങ്ങാട്, മരങ്ങാട്ടുപിള്ളി പഞ്ചായത്തുകൾ |
| | തെക്ക് | - | കിടങ്ങൂർ, കാണക്കാരി പഞ്ചായത്തുകൾ |
| | കിഴക്ക് | - | മുത്തോലി, കിടങ്ങൂർ പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | - | കുറവിലങ്ങാട്, കാണക്കാരി പഞ്ചായത്തുകൾ |



"നിഷ്ക്രിയത്വം നിങ്ങളെ അലട്ടുമ്പോൾ .......
നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും ദരിദ്രനും ദുർബലനുമായ
മനുഷ്യന്റെ മുഖം മനസ്സിൽ സൂക്ഷിച്ചുകൊണ്ട്
നിങ്ങൾ ഉദ്ദേശിക്കുന്ന പദ്ധതി അയാളെ ഏതെങ്കിലും തരത്തിൽ
സഹായിക്കുമോ എന്ന് സ്വയം ചോദിക്കുക, അത് നിമിത്തം അയാൾ
എന്തെങ്കിലും നേടുമോ? സ്വന്തം ജീവിതത്തിന്റേയും
വിധിയുടേയും മേലുള്ള നിയന്ത്രണം അയാൾക്ക് അത് തിരിച്ചു നൽകുമോ?
നമ്മുടെ പദ്ധതികളും പരിപാടികളും അർത്ഥവത്താകാൻ
ഈ പരിശോധനയ്ക്ക് മാത്രമേ കഴിയൂ.

***ഗാന്ധിജി***



ബഹുമാന്യരേ,

നമ്മുടെ പഞ്ചായത്ത് 14-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ട പദ്ധതി രൂപീകരണത്തിനായി നാം തയാറെടുക്കുകയാണ്. ഇതിന്റെ ഭാഗമായി 2026-27 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് നടത്തിയ ചർച്ചകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വാർഷിക പദ്ധതികളുടെ അന്തിമം നിങ്ങൾക്കു മുമ്പിൽ, അവതരിപ്പിക്കുകയാണ്.

14-ാം പഞ്ചവത്സരപദ്ധതിയിലെ 5-ാമത് വാർഷിക പദ്ധതി രൂപീകരണത്തിൽ പഞ്ചായത്തിലെ ഒരു വാർഡ് എന്നതിലുപരി പഞ്ചായത്ത് പ്രദേശത്തെ ഒറ്റ യൂണിറ്റായി കണ്ടാണ് പദ്ധതികൾ രൂപീകരിക്കാൻ ശ്രമിച്ചിട്ടുള്ളത്. സമഗ്ര വികസന പദ്ധതികൾക്ക് ഊന്നൽ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന മേഖലയുടെ വളർച്ച, അടിസ്ഥാന സൗകര്യ വികസനം, പ്രാദേശിക സാമ്പത്തിക വളർച്ച, പശ്ചാത്തല സൗകര്യ വികസനം, സാമൂഹ്യ ക്ഷേമം കാര്യക്ഷമമാക്കൽ എന്നിവയ്ക്ക് മുൻഗണന നല്കിയിട്ടുണ്ട്. കൂടാതെ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട്, കാലാവസ്ഥ വ്യതിയാനങ്ങളെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുവാനുള്ള കഴിവുകൾ ആർജ്ജിക്കുവാൻ സമൂഹത്തെ സഹായിക്കുകയും, സമഗ്രമായി സാമൂഹിക സുരക്ഷ ഉറപ്പാക്കുകയും, ദാരിദ്ര്യത്തിൽ  നിന്നും പൂർണ്ണമായി മോചനം ലഭ്യമാക്കുകയും, ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ലൈഫ് മിഷൻ, മാലിന്യ നിർമ്മാർജ്ജനം, വിദ്യാഭ്യാസ-സാംസ്കാരിക ഉന്നമനം, ആരോഗ്യ -ശുചിത്വ മേഖലയുടെ വികസനം, കുടുംബശ്രീ പ്രവർത്തനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം, ക്ഷീരമേഖലയിൽ  സ്വയം പര്യാപ്തത,  എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും  കടമ പ്രാദേശിക സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ്. ഇതിന് പഞ്ചായത്തിലെ ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിന് പദ്ധതി നിർദ്ദേശങ്ങൾ അനിവാര്യമാണ്. ഇതിന് ഗ്രാമസഭകൾ സജീവമാകണം. വോട്ടർമാരുടെ പങ്കാളിത്തക്കുറവ് ഗ്രാമസഭയെ നിർജ്ജീവമാക്കുന്നതും ചർച്ചകളുടെ അഭാവത്തിൽ നല്ല പദ്ധതികൾ രൂപീകരിക്കാൻ കഴിയാതെ വരുന്നതിനേയും നാം ഗൗരവമായി കാണണം.

മുൻവർഷങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട് . 2026-27 വാർഷിക പദ്ധതി ഫെബ്രുവരി 20 ന് മുമ്പായി ഡി.പി.സി.  അംഗീകാരം വാങ്ങി ഏപ്രിൽ 1 ന് തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കത്തക്കവിധത്തിലാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. രാഷ്ട്രീയത്തിനതീതമായ ജനകീയ കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ പദ്ധതി രൂപീകരണവും പദ്ധതി നിർവ്വഹണവും സാധ്യമാവുകയുള്ളൂ.

2026 - 27 ലെ വാർഷികപദ്ധതികൾ രൂപീകരിക്കുന്നതിന്  ഈ ഭരണസമിതിയോട് സഹകരിച്ച ഗ്രാമസഭാംഗങ്ങൾ, ജനപ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഉദ്യോഗസ്ഥർ സന്നദ്ധസംഘടനാ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ,  ആശാപ്രവർത്തകർ, സാക്ഷരതാ പ്രേരക്മാർ, അംഗൻവാടി പ്രവർത്തകർ,ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ഭരണസമിതിക്ക് നിർദ്ദേശങ്ങളും സഹകരണവും തുടർന്നും നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 2026 - 27 വർഷത്തെ അന്തിമ പദ്ധതിരേഖ നിങ്ങൾക്കു മുമ്പാകെ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ് /-

**ജീന സിറിയക്**

പ്രസിഡന്റ്

## ഗ്രാമപഞ്ചായത്ത് ഭരണസമിതി




**ജീന സിറിയക്**
പ്രസിഡന്റ്



**സജീവ് കുമാർ എ. ഡി.**
വൈസ് പ്രസിഡന്റ്



**അൽഫോൻസാ റിജോ**
സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
വികസനം



**ബിജു ജോസഫ്**
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ക്ഷേമകാര്യം



**സുജാത അനിൽകുമാർ**
സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
ആരോഗ്യവും, വിദ്യാഭ്യാസവും



**ഷാജി റ്റി.**
മെമ്പർ വാർഡ് - 1



**സഖറിയാസ് ജോസഫ്**
മെമ്പർ വാർഡ് - 5



**നീതു ഗോപി**
മെമ്പർ വാർഡ് - 6



**തോമസ് ആൽബർട്ട്**
മെമ്പർ വാർഡ് - 7



**ഡോൺ സണ്ണി**
മെമ്പർ വാർഡ് - 9



**ബേബി അപ്പച്ചൻ**
മെമ്പർ വാർഡ് - 10



**ഗംഗാദേവി റ്റി. പി.**
മെമ്പർ വാർഡ് - 12



**മേഴ്സി ബേബി**
മെമ്പർ വാർഡ് - 13



**ഷീജാ ബേബി**
മെമ്പർ വാർഡ് - 14

## ഭരണസമിതി അംഗങ്ങൾ

| വാർഡ് നമ്പർ | നിയോജക മണ്ഡലത്തിന്റെ പേര് | തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുടെ പേര് | സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|---|
| I | നെച്ചിമറ്റം | ഷാജി റ്റി. | മെമ്പർ | 9846090122 |
| II | ഇലയ്ക്കാട് | സുജാത അനിൽകുമാർ | സ്റ്റാൻ. ചെയർപേഴ്സൺ ആരോഗ്യം,വിദ്യാഭ്യാസം | 9497703543 |
| III | കുണുക്കുംപാറ | അൽഫോൻസാ റ്റിജോ | സ്റ്റാൻ. ചെയർപേഴ്സൺ വികസനകാര്യം | 8590405353 |
| IV | പഞ്ചായത്ത് ഓഫീസ് | ബിജു ജോസഫ് | സ്റ്റാൻ. ചെയർമാൻ ക്ഷേമകാര്യം | 9745350641 |
| V | ഇട്ടിയപ്പാറ | സഖറിയാസ് ജോസഫ് | മെമ്പർ | 9446143900 |
| VI | കിഴക്കേമാറിയിടം | നീതു ഗോപി | മെമ്പർ | 9037166955 |
| VII | മാറിയിടം സൗത്ത് | തോമസ് ആൽബർട്ട് | മെമ്പർ | 9946327991 |
| VIII | മാറിയിടം | ജീന സിറിയക് | പ്രസിഡന്റ് | 9496724510 |
| IX | കടപ്ലാമറ്റം | ഡോൺ സണ്ണി | മെമ്പർ | 9447513515 |
| X | L.P.സ്കൂൾ വാർഡ് | ബേബി അപ്പച്ചൻ | മെമ്പർ | 8943821652 |
| XI | വയലാ | സജീവ് കുമാർ എ. ഡി. | വൈസ് പ്രസിഡന്റ് | 9447258512 |
| XII | വയലാ സ്കൂൾ ജംഗ്ഷൻ | ഗംഗാദേവി റ്റി. പി. | മെമ്പർ | 9446197796 |
| XIII | വയലാ ടൗൺ | മേഴ്സി ബേബി | മെമ്പർ | 9645652514 |
| XIV | നെ□ിക്കുന്ന് | ഷീജാ ബേബി | മെമ്പർ | 9645701903 |

### പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന മറ്റ് ജനപ്രതിനിധികൾ

രാജ്യസഭ നിയോജകമണ്ഡലം : ശ്രീ. ജോസ് കെ. മാണി

പാർലമെന്റ് നിയോജകമണ്ഡലം : ശ്രീ. ഫ്രാൻസിസ് ജോർജ്ജ്

നിയമസഭാ മണ്ഡലം : അഡ്വ. മോൻസ് ജോസഫ്

ജില്ലാ പഞ്ചായത്ത് : ശ്രീ. ജോസ്മോൻ മുണ്ടയ്ക്കൽ

ബ്ലോക്ക് പഞ്ചായത്ത് : ശ്രീ. ബോണി കുര്യാക്കോസ് (കടപ്ലാമറ്റം ഡിവിഷൻ)

: ശ്രീ. രതീഷ് എണ്ണച്ചേരിയേൽ (വെമ്പള്ളി ഡിവിഷൻ)

പ്ലാൻ കോ-ഓഡിനേറ്റർ : ശ്രീമതി എം. എസ്. ഷൈനി (സെക്രട്ടറി)

അസി. പ്ലാൻ കോ-ഓഡിനേറ്റർ : ശ്രീമതി ഷൈലശ്രീ കെ. എൻ. (അസി സെക്രട്ടറി)

## പഞ്ചായത്ത് ജീവനക്കാർ

| | |
|---|---|
| ശ്രീമതി എം.എസ്. ഷൈനി | സെക്രട്ടറി |
| ശ്രീമതി ഷൈലശ്രീ കെ. എൻ. | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീമതി ജെസ്സി തോമസ് | ഹെഡ് ക്ലാർക്ക് |
| ശ്രീ. സോബി വി. ജെ. | അക്കൗണ്ടന്റ് |
| ശ്രീമതി ബിനു എൻ. നായർ | സീനിയർ ക്ലാർക്ക് |
| ശ്രീ. പ്രവീൺ കെ. പി. | സീനിയർ ക്ലാർക്ക് |
| ശ്രീ. റ്റിനോ മാത്യു | ക്ലാർക്ക് |
| ശ്രീ. സുജിത്ത് പി. റ്റി. | ക്ലാർക്ക് |
| ശ്രീ. കെയിൻസ് പി. ജോൺ | ക്ലാർക്ക് |
| ശ്രീ. മാത്യു സ്കറിയ | ഓഫീസ് അറ്റന്റന്റ് |
| ശ്രീമതി സുശീലകുമാരി കെ. ആർ. | പാർട്ട് ടൈം ലൈബ്രേറിയൻ |
| ശ്രീ. അശോക് കുമാർ വി. എം. | സാക്ഷരതാ പ്രേരക് |
| ശ്രീമതി ശാന്തമ്മ പി. പി. | സാക്ഷരതാ പ്രേരക് |
| കുമാരി അന്നമ്മ എം. ഡി. | പാർട്ട് ടൈം സ്വീപ്പർ |

## മറ്റു ജീവനക്കാർ

| | |
|---|---|
| ശ്രീ. ശ്രീജിത്ത്. എസ്. ജെ. | ടെക്നിക്കൽ അസിസ്റ്റന്റ് |
| ശ്രീമതി അനു പി. കൃഷ്ണൻ | അക്കൗണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് (MGNREGA) |
| ശ്രീ. പ്രഭാത് ശശി | അക്കൗണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് (MGNREGA) |
| ശ്രീ. സജീവ്കുമാർ എസ് | അക്രഡിറ്റഡ് എൻജിനീയർ (MGNREGA) |
| ശ്രീ. അനൂപ് അശോകൻ | ഓവർസീയർ (MGNREGA) |
| ശ്രീമതി അഞ്ജു പി. എസ്. | പ്രൊജക്റ്റ് അസിസ്റ്റന്റ് |
| ശ്രീമതി അശ്വനി വി. എം. | എസ്.സി. പ്രമോട്ടർ |
| ശ്രീമതി ഗ്ലാഡ്സി | എസ്.റ്റി. പ്രമോട്ടർ |
| ശ്രീ. ആര്യൻ പി. പ്രകാശ് | ഡ്രൈവർ |

## പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1. | ശ്രീമതി എം. എസ്. ഷൈനി | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 2. | ശ്രീമതി ഷൈലശ്രീ കെ. എൻ. | ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി |
| 3. | ശ്രീ. ജോസഫ് വിൽഫ്രഡ് | അസി. എഞ്ചിനീയർ |
| 4. | ശ്രീമതി സാനിയ വി. ജയിംസ് | കൃഷി ഓഫീസർ |
| 5. | ശ്രീമതി രാജശ്രീ എം. എസ്. | ഹെഡ്മാസ്റ്റർ, എസ്.കെ.വി.യു.പി.സ്കൂൾ ഇലയ്ക്കാട് |
| 6. | ഡോ. വിധു ജയിംസ് | മെഡിക്കൽ ഓഫീസർ, സി. എച്ച്. സി. കടപ്ലാമറ്റം |
| 7. | ഡോ. ആന്റണി ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 8. | ഡോ. ജോസ് മാത്യു അഞ്ചേരി | വെറ്റിനറി സർജൻ |
| 9. | ശ്രീമതി രാജിമോൾ കെ.ആർ. | വി.ഇ.ഒ. വയലാ സർക്കിൾ |
| 10. | ശ്രീ. അനീഷ് ആർ. | വി.ഇ.ഒ. കടപ്ലാമറ്റം സർക്കിൾ |
| 11. | ശ്രീ. ലിബീഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ |
| 12. | ശ്രീമതി അനു അഗസ്തി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 13. | ഡോ. ആൻ റോസ് ടോം | മെഡിക്കൽ ഓഫീസർ, ഹോമിയോ |

# I വികസന സ്ഥിതി - അവസ്ഥാ വിശകലനം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതികളിലൂടെ കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ വികസനരംഗത്ത് വരുത്തിയ നേട്ടങ്ങൾ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുന്നു. 8 വാർഡുകളായിരുന്ന പഞ്ചായത്ത് പ്രദേശം ഇപ്പോൾ 14 വാർഡുകളായി മാറിയിരിക്കുന്നു. 22.02 ച. കിലോമീറ്റർ വിസ്തൃതിയിൽ കടപ്ലാമറ്റം വില്ലേജിൽ 14 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ 13046 വരുന്ന ജനസംഖ്യയാണുള്ളത്. ഇതിൽ 6428 പുരുഷന്മാരും 6618 സ്ത്രീകളും ഉൾപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നും 10 മീറ്റർ മുതൽ 141 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതാണ് പഞ്ചായത്ത് പ്രദേശം. ഇവിടുത്തെ ജനങ്ങൾ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരും നാമമാത്ര കർഷകരും, കാർഷിക - കാർഷികേതര മേഖലകളിൽ പണിയെടുക്കുന്നവരുമാണ് .

മീനച്ചിൽ താലൂക്കിൽ നെൽകൃഷി ചെയ്യുന്ന അപൂർവ്വം സ്ഥലങ്ങളും ഈ പഞ്ചായത്ത് പരിധിയിലാണ്. പച്ചക്കറി, ഗ്രൂപ്പ് ഫാമിംഗ്, ഫലവൃക്ഷത്തൈകളുടെ വിതരണം, സമഗ്ര പുരയിടകൃഷി എന്നീ പ്രോജക്ടുകളിലൂടെ ഈ മേഖലയുടെ വളർച്ചയ്ക്കുതകുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാർഷിക മേഖലയിലെ മുഖ്യവിളയായ റബ്ബർകൃഷി വ്യാപകമാണെങ്കിലും അവ വ്യവസായ മേഖലയിൽ നിക്ഷേപിക്കുന്നവർ വിരളവും റബ്ബർപാൽ ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കഴിയാതെ വന്നിട്ടുള്ളതുമാണ്. സംരംഭകത്വ മനോഭാവത്തിന്റെ അഭാവം, ഭൂമിയുടെ ഉയർന്ന വില, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം തുടങ്ങിയവ വ്യവസായ മേഖലയുടെ വികസനത്തിന് തടസ്സമാകുന്നതുമൂലം വൻകിട വ്യവസായങ്ങളൊന്നും തന്നെ പഞ്ചായത്ത് പ്രദേശത്തില്ല.

ആരോഗ്യമേഖലയിൽ ഒരു ഗവൺമെന്റ് ആശുപത്രിയും, ഓരോ ആയുർവേദ ഹോമിയോ ഡിസ്പൻസറികളും, 2 പി.എച്ച്.സി. സബ് സെന്ററുകളും, സ്വകാര്യ മേഖലയിൽ 2 ആയുർവ്വേദ ആസ്പത്രികളും 2 ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദ ഹോമിയോ ആശുപത്രികൾ കിടത്തി ചികിത്സാ സൗകര്യം ഉള്ളവയാക്കി മാറ്റുക, കടപ്ലാമറ്റം ഗവ. ആസ്പത്രിയുടെ വികസനം സാധ്യമാക്കുക എന്ന നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കേണ്ടതുണ്ട്.

തികച്ചും ഗ്രാമീണ മേഖലയായതിനാൽ പട്ടണ പ്രദേശത്തെപ്പോലെ വലിയ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്നില്ല. എങ്കിലും പരിസ്ഥിതിക്ക് വലിയ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടേണ്ടതുണ്ട്. മാലിന്യ നിർമ്മാജ്ജനത്തിനായി ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ വാതിൽപ്പടി ശേഖരണം നല്ല രീതിയിൽ നടത്തുന്നു എങ്കിലും പോരായ്മകൾ പരിഹരിക്കേണ്ടതുണ്ട്. യൂസർ ഫീ നൽകി മാലിന്യങ്ങൾ നൽകാൻ വിമുഖത കാണിക്കുന്നവർ, മാലിന്യങ്ങൾ വലിച്ചെറിയുന്നവർ എന്നിവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 100 ശതമാനം സർവ്വീസ് നടത്തുന്നു എങ്കിലും 85 നും 90 നും ഇടയിലാണ് യൂസർ ഫീ കളക്ഷൻ ലഭ്യമാകുന്നത്. ഇത് 100 ശതമാനത്തിലെത്തിക്കണം. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. ഉം കേന്ദ്രീകൃതമായി മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി കടപ്ലാമറ്റത്ത് എം.സി.എഫും ഉണ്ട്. എം.സി.എഫ്. വിപുലീകരണം, വൈദ്യുതി ലഭ്യമാക്കൽ, നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 26 ബോട്ടിൽ ബൂത്തുകളും, 50 ട്വിൻ ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി പ്ലാസ്റ്റിക് മാലിന്യ പ്രശ്നം ഏറെക്കുറെ പരിഹരിക്കപ്പെടുന്നു. ജനങ്ങളുടെ പൂർണ്ണമായ സഹകരണം ഉണ്ടെങ്കിൽ ടി പദ്ധതി സമ്പൂർണ്ണ വിജയമാക്കാൻ സാധിക്കുന്നതാണ്.

വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ മെച്ചപ്പെട്ട അവസ്ഥയാണെങ്കിലും ഉന്നത വിദ്യാഭ്യാസം, സാങ്കേതിക, ഐ.ടി രംഗങ്ങളിൽ വളർച്ച നേടേണ്ടതുണ്ട്. പഞ്ചായത്ത് പ്രദേശത്ത് 14 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 13 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിനു വിട്ടുകിട്ടിയ സർക്കാർ സ്ക്കൂളുകളുടെ (അപ്പർ പ്രൈമറി സ്ക്കൂൾ വരെ) അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകി ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുൻ ഭരണ സമിതി ശ്രദ്ധിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്ന ഈ പ്രദേശത്ത് 7, 10, +2 ,ഡിഗ്രി കോഴ്സുകൾ തുടർ പഠന പരിപാടികളും കാര്യക്ഷമമായി നടന്നു വരുന്നു. എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്കായി നവചേതന തുടർവിദ്യാഭ്യാസ പദ്ധതി, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി എന്നിവ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കംപ്യൂട്ടർ സാക്ഷരതാ രംഗത്ത് നടത്തിയ ഡിജി കേരളം പദ്ധതിയിലൂടെ 444 ഗുണഭോക്താക്കളെ ഡിജിറ്റൽ സാക്ഷരതാ രംഗത്തേയ്ക്ക് എത്തിച്ച് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച പഞ്ചായത്താക്കി മാറ്റാൻ കഴിഞ്ഞു. ഡിജിറ്റൽ സേവനങ്ങൾക്കായി പഞ്ചായത്തിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററും വയലാ, കടപ്ലാമറ്റം എന്നിവിടങ്ങളിലായി ഓരോ അക്ഷയ സെന്റർ വീതവും കടപ്ലാമറ്റത്ത് ഒരു ജന സേവന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

8 ലധികം ലൈബ്രറികളും, പതിനഞ്ചോളം ക്ലബ്ബുകളും, സാംസ്കാരിക സംഘടനകളും, 2 തുടർ വിദ്യാകേന്ദ്രങ്ങളും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. സാമൂഹ്യ പ്രവർത്തകരുടേയും സാംസ്കാരിക പ്രവർത്തകരുടേയും എണ്ണം കുറഞ്ഞുവരുന്നു. ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയകൾ എന്നിവയിലൂടെ വായനക്കാരുടേയും വിവര ശേഖരുടേയും എണ്ണം വർദ്ധിച്ചുവെങ്കിലും വായനശാലകൾ, ലൈബ്രറികൾ എന്നിവയിൽ എത്തുന്നവരുടെ എണ്ണം കുറയുന്നതായി കാണാൻ കഴിയും. വായനയുടെ ലോകത്തേക്ക് പുത്തൻ തലമുറയെ ആകർഷിക്കേണ്ട പദ്ധതികൾ ലൈബ്രറി പ്രവർത്തകരുടെയും പഞ്ചായത്ത് നേതൃത്വത്തിന്റെയും ആഭിമുഖ്യത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

കുടിവെള്ള പരിഹാരത്തിനായി പന്ത്രണ്ടിലധികം ചെറുകിട ജലസേചന പദ്ധതികളും, ജലനിധി പദ്ധതിയിലൂടെ 38 കുടിവെള്ള പദ്ധതികളും നടപ്പിലാക്കി പ്രശ്നപരിഹാരത്തിന് ശ്രമിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് കുടിവെള്ള പദ്ധതികൾ പട്ടികജാതി വികസനഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. വിവിധ ഗുണഭോക്തൃ സമിതികൾ ഇതിന്റെ നടത്തിപ്പിനായി പ്രവർത്തിക്കുന്നു. രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ 2022-23 വർഷത്തിൽ ജലജീവൻമിഷൻ പദ്ധതിയിലൂടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി തനതു വർഷം മുതൽ ശ്രമിച്ചിട്ടുണ്ട്. ടാങ്ക് നിർമ്മാണത്തിനായി സ്ഥലം വാങ്ങൽ, നിലവിലുള്ള ജലനിധി പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കി വരുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദാരിദ്രനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു. അതി ദാരിദ്ര്യ ലഘൂകരണ, ആശ്രയ പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്ത് ദാരിദ്ര അവസ്ഥയുടെ തോത് ഇനിയും പൂർണ്ണമായി കുറഞ്ഞിട്ടില്ല. ഭൂമിയില്ലാത്തവരും, വീടില്ലാത്തവരും ഇനിയും പഞ്ചായത്ത് പ്രദേശത്തുണ്ട്. മുൻവർഷങ്ങളിൽ സാമ്പത്തിക സഹായം ലഭിച്ചുവെങ്കിലും വീട് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കാത്തവരെയും ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന ലക്ഷ്യം സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുമായി യോജിച്ച് പൂർത്തീകരിക്കുന്നതിനും അംഗൻവാടികളിലൂടെ നിരവധി കുഞ്ഞുങ്ങൾക്ക് പഠിക്കുന്നതിനും ഗർഭിണികൾ, പ്രായപൂർത്തിയായ പെൺകുട്ടികൾ, അമ്മമാർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർക്കുവേണ്ട ബോധവൽക്കരണ പരിപാടികൾ, പരിചരണങ്ങൾ എന്നിവ നൽകാൻ കഴിയുന്നുണ്ടെങ്കിലും അംഗൻവാടികളുടെ ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് ഇനിയും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുകയും ധനസഹായം തൊഴിൽ എന്നിവ ഉറപ്പാക്കുകയും വേണം.

ജനസംഖ്യയിൽ സ്ത്രീകൾ കൂടുതലുള്ള പ്രദേശത്ത് പണിയെടുക്കുന്നവരുടെ എണ്ണം കുറവല്ല. സ്ത്രീശാക്തീകരണത്തിനായി സ്ഥാപിക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചെറിയ തോതിലെങ്കിലും വരുമാനം ലഭിക്കുന്ന സംരംഭങ്ങളിൽ ഏർപ്പെട്ട് നിത്യവരുമാനം കുടുംബങ്ങളിലെത്തിക്കുന്ന ഗ്രൂപ്പുകൾ കുറവാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റു സംഘങ്ങളിലും ഇക്കൂട്ടർ അംഗമാകുന്നതുമൂലം വായ്പ ലഭിക്കുന്നതിനുള്ള സാധ്യതകൾ കൂടുതലും അവ തിരിച്ചടക്കുന്നതിനുള്ള വഴികൾ പരിമിതവുമാണ്. അതിനാൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ ഇവ പരിഹരിക്കുന്നതിന് കഴിയുകയില്ല. ഇതിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഇവർ മുന്നോട്ട് വരേണ്ടതുണ്ട്.

പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ ജനതകൾക്കും വിശിഷ്യാ കുടുംബത്തിന്റേയും വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും ഇതുമൂലം സാധിച്ചിട്ടുണ്ട്. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, പി. എം. എ. വൈ. ഭവനനിർമ്മാണത്തിൽ സഹകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞു.

സ്ത്രീകളുടെ തുല്യനീതിയും തുല്യ അവസരങ്ങളും ഉറപ്പുവരുത്തുന്നതിലൂടെ അവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കേണ്ടതുമാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ അദാലത്തുകൾ സംഘടിപ്പിച്ചും പ്രശ്ന പരിഹാരത്തിനു ശ്രമിച്ചിട്ടുണ്ട്.

പട്ടിക ജാതി - പട്ടിക വർഗ്ഗവിഭാഗങ്ങളുടെ ഉന്നമനത്തിനായി കൂടുതൽ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. പഠനമുറി നിർമ്മാണം, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, ലാപ്ടോപ്, തുടങ്ങിയവ നൽകിയിട്ടുണ്ട്. കാർഷിക കാർഷികേതര മേഖലകളിൽ പണിയെടുക്കുന്നവരാണ് ഭൂരിപക്ഷവും. ഭവന രഹിതരും, ഭൂമിയില്ലാത്തവരും തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണേണ്ടിയിരിക്കുന്നു. വ്യക്തിപരമായും; കൂട്ടായും സംരംഭങ്ങൾ തുടങ്ങുന്നതിനോ, കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു കഴിയാതെ പോകുന്നതും ഈ വിഭാഗങ്ങളുടെ വികസനത്തിനു തടസ്സമാകുന്നു. പട്ടികജാതി നഗറുകളിലും ,പുറമ്പോക്കുകളിൽ താമസിക്കുന്നവർക്കും കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുക എന്നത് നടപ്പിലാക്കണം. ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതികളിലെയും പദ്ധതി പ്രകാരം നടപ്പിലാക്കുന്നവയുടേയും സബ്സിഡി തുകയിലുള്ള ഏകീകരണമാണ് ഇതിനാവശ്യം.

റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമാകുന്ന പദ്ധതി തുകയുടെ അഭാവം ഇവയുടെ ശോച്യാവസ്ഥ പൂർണ്ണമായി പരിഹരിക്കാൻ കഴിയാതെ വരുന്നു. എണ്ണത്തിലും ദൂരത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് വന്നിട്ടുണ്ട്. വലിയ പട്ടണങ്ങളോ വ്യവസായ സ്ഥാപനങ്ങളോ ഇല്ലാത്തത് ഇതിനൊരു കാരണമായി ഭവിക്കുന്നു. വാഹനങ്ങൾ കുറഞ്ഞ പഞ്ചായത്ത് എന്ന നിലയിൽ ഗതാഗതമേഖലയിൽ കാര്യമായ വൻ കുതിപ്പ് നടത്തുവാൻ കഴിയാതെ വരുന്നു എന്നത് ഒരു യാഥാർത്ഥ്യമായി തുടരുന്നു. തിരുവല്ല - നെടുമ്പാശ്ശേരി റോഡ് വികസനം സാധ്യമാക്കുകയും അന്തർ സംസ്ഥാന- ജില്ലാ സർവ്വീസുകൾ ഇതുവഴി ഉണ്ടാവുകയും ചെയ്താൽ കടപ്ലാമറ്റം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ നഗര പട്ടണ വ്യവസായ മേഖലയായി മാറ്റാൻ കഴിയും. ഉൾഭാഗത്തേയ്ക്കുള്ള

മിക്ക റോഡുകളും ടാർ ചെയ്തിട്ടുണ്ടെങ്കിലും ഓടകളുടെ അഭാവവും വെള്ളക്കെട്ടും മൂലവും ഗതാഗത യോഗ്യമല്ലാത്ത രീതിയിലേക്ക് മിക്ക റോഡുകളും മാറുന്നു.

## II വാർഷിക പദ്ധതി അവലോകനം

2025- 26 വർഷത്തെ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഉല്പാദന മേഖലയിൽ രൂപീകരിച്ച 13 പദ്ധതികളിൽ 64% ത്തിലധികവും നടപ്പിലാക്കുവാൻ കഴിഞ്ഞു. ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ്, ധാതുലവണ മിശ്രിതവും വിരമരുന്നും കറവപശുക്കൾക്ക്, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, സമഗ്ര പുരയിടകൃഷി, പച്ചക്കറി തൈവിതരണം, സമഗ്ര കന്നുകാലി ഇൻഷുറൻസ് തുടങ്ങിയ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിലൂടെ കൃഷിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുവാനും വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു.

സേവന മേഖലയിൽ അടിസ്ഥാന സൗകര്യത്തിന് ഊന്നൽ നൽകിയാണ് പദ്ധതികൾ രൂപീകരിച്ചത്. ലൈഫ്, ഭവന പുനരുദ്ധാരണത്തിന് 22 ലക്ഷത്തോളം രൂപ വകയിരുത്തി, പാലിയേറ്റീവ് പരിചരണം, അനുപൂരക പോഷകാഹാര പരിപാടി, ആശ്രയപദ്ധതി, അംഗനവാടികളുടെ പുനരുദ്ധാരണം തുടങ്ങി 51 പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എം.സി.എഫ്. ലേക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ, വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ തുടങ്ങിയ പ്രോജക്ടുകൾ ഇതിനോടകം പൂർത്തിയാക്കി. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 13 വാർഡുകളിലുമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മിനി എം.സി.എഫ്. സ്ഥാപിച്ച് ഹരിത കർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തി വൃത്തിയുള്ള പ്ലാസ്റ്റിക് ശേഖരിച്ചുവരുന്നു.

പട്ടികജാതി വികസനത്തിനായി വീട് മെയിന്റനൻസ്, വൃദ്ധർക്ക് കട്ടിൽ, പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം, പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം, പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം, മേശയും കസേരയും വിതരണം, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്നീ പോജക്ടുകൾ നടപ്പിലാക്കിവരുന്നു.

പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ, സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ മുതലായവ നോൺ റോഡ് ഫണ്ട്, എം.ജി.എൻ.ആർ.ഇ.ജി.എ എന്നീ ഫണ്ടുകളുപയോഗിച്ച് വിജയകരമായി പൂർത്തീകരിച്ചു.പൊതു ആസ്തികളിൽപ്പെടുന്ന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും റോഡുകൾ പുനരുദ്ധരിക്കുന്നതിനും മുൻഗണന നൽകി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## III പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

ലൈഫ് ഭവന പദ്ധതി, പാലിയേറ്റീവ് പരിചരണ പദ്ധതി, സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പദ്ധതി, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, കക്കൂസ് പുനരുദ്ധാരണം, അഗതി ആശ്രയ പദ്ധതി നടത്തിപ്പ് തുടങ്ങിയ പല പദ്ധതികളും മുൻ വർഷങ്ങളിൽ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചു. ശുചിത്വ സംവിധാനത്തിലെ പുരോഗതിയും ആരോഗ്യ മേഖലയിലെ കാര്യക്ഷമതയും പശ്ചാത്തലമേഖലയിലെ വികസനവും വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റവും, പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയതും, സേവനങ്ങളെല്ലാം ഓൺലൈനിലൂടെ ലഭ്യമാക്കിയതും പദ്ധതി നടത്തിപ്പിന്റെ വിജയഗാഥകളാണ്. ആർ.ഡി.ബി. വായ്പാ ബാദ്ധ്യത കുറച്ചതും പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. 9001- 2015 നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്.

തനതു ഫണ്ടിന്റെ അപര്യാപ്തതയാണ് വികസനത്തിന് വിഘാതമായി നിൽക്കുന്നത്. പദ്ധതി രൂപീകരണത്തിന്റെ കാലതാമസം, പ്രതികൂലമായ കാലാവസ്ഥ, സ്ഥലത്തിന്റെ മൂല്യ നിർണ്ണയ പരിമിതി, ത്രിതല പഞ്ചായത്തുകളുടെ പദ്ധതിസംയോജനം സാധിക്കാത്തത്, ഡിപ്പാർട്ടുമെന്റുകളുടേയും തദ്ദേശസ്ഥാപനങ്ങളുടേയും പദ്ധതി തുകകളിലെ അന്തരം, വിഭവസമാഹരണത്തിന്റെയും വാർഡുതല സമ്മേളനങ്ങളുടേയും അപര്യാപ്തത, ഗുണഭോക്താക്കൾ സമയബന്ധിതമായി രേഖകൾ ഹാജരാക്കാത്തത് എന്നിവ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. പദ്ധതി ആരംഭിക്കുന്ന വർഷം തന്നെ അത് പൂർത്തീകരിക്കാൻ കഴിയാതെ വരുന്നത് പദ്ധതി പൂർത്തീകരണത്തിന്റെ ശാപമായി മാറുന്നു.

## IV വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

തികച്ചും ഗ്രാമീണ മേഖലയായ പ്രദേശം എന്ന നിലയിൽ കൃഷി, വ്യവസായം, മാലിന്യനിർമ്മാർജ്ജനം മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ,നീർത്തട പരിപാലനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവയ്ക്ക്

മുൻഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ തുടരുന്നതാണ്. നെല്ല് ഉല്പാദനരംഗത്ത് വൻതകർച്ച നേരിടുന്ന ഈ കാലഘട്ടത്തിൽ തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തരിശു നിലങ്ങളിൽ പച്ചക്കറി, വാഴ, കപ്പ തുടങ്ങിയ പുരയിടകൃഷി നടത്തുന്നതിനും വനവത്കരണം, കർഷകരെ കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നിവരെയും ആകർഷിക്കുന്ന പദ്ധതികൾ തയ്യാറാക്കി ഉല്പാദന മേഖലയിൽ ഉണർവ്വേകി ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, മൃഗസംരക്ഷണ മേഖലയുടെ വികസനവും, സേവന മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ജനജീവിതം സൗകര്യപ്രദമാക്കുക, സേവനങ്ങൾ യഥാസമയം ലഭ്യമാക്കുക, പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുൾപ്പെടെ കൃത്യവും സമയബന്ധിതവുമായി സേവനങ്ങൾ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുക, പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക എന്നതും.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളായ സ്ഥലം വാങ്ങൽ, വാസയോഗ്യമായ വീട്, കുടിവെള്ളം, വൈദ്യുതി, കക്കൂസ് മുതലായവയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട് എങ്കിലും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി മുന്നേറ്റം സൃഷ്ടിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിലൂടെ കൂടുതൽ തൊഴിൽ മേഖലകളിലേയ്ക്ക് ഇവരെ ആകർഷിക്കുന്നതിനും ഇതിലൂടെ ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കേണ്ടതുണ്ട്. ജനസംഖ്യാനുപാതികമായ വികസന ഫണ്ട് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടിയിരിക്കുന്നു.

പശ്ചാത്തല മേഖലയിൽ പഞ്ചായത്തിനു വിട്ടുകിട്ടിയ റോഡുകളുടേയും പൊതു ആസ്തികളുടേയും സംരക്ഷണം ഉറപ്പാക്കി ജനോപകാരപ്രദമാക്കി മാറ്റുക മുതലായവയാണ് പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്.

കായിക വിദ്യാഭ്യാസം പഞ്ചായത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ആരംഭം എന്നോണം 1.29 ഏക്കർ സ്ഥലം കളിസ്ഥലത്തിനും, പകൽ വീടിനും, MCF നിർമ്മിക്കുന്നതിനുമായി ഏറ്റെടുത്തത് വികസനത്തിന്റെ വലിയൊരു നാഴികക്കല്ലാണ്. ഇവയുടെ നിർമ്മാണ പൂർത്തീകരണം ത്വരിതഗതിയിലാക്കുകയും പൊതു ജനങ്ങൾക്ക് സമർപ്പിക്കുന്നതിനും മുൻകൈയെടുത്തു പ്രവർത്തിക്കും. കുണുക്കുംപാറ സാംസ്കാരിക കേന്ദ്രം , കടപ്ലാമറ്റം, വയലാ കമ്മ്യൂണിറ്റി ഹാൾ ,നെല്ലിക്കുന്ന് സാംസ്കാരിക നിലയം എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉപകാരപ്രദമാക്കും.

കച്ചറ തോട് കേന്ദ്രീകരിച്ച് ഒരു മിനി ഡാം നിർമ്മിക്കുന്നതിനും അതോടൊപ്പം സമീപ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു ടൂറിസ്റ്റ് പ്രോജക്ട് തയ്യാറാക്കുന്നതിനുമുള്ള ഡി.പി.ആർ. തയ്യാറാക്കൽ ഒരു ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുന്നതാണ്. കൂടാതെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച് ഫണ്ട് സമാഹരിച്ച് ടൂറിസം പ്രോജക്ട് നടപ്പാക്കുകായണ് ലക്ഷ്യം. അത് പ്രദേശവാസികളുടെ കുടിവെള്ള പ്രശ്നത്തിനും മാനസിക ഉല്ലാസത്തിനും കാരണമാകുന്ന പദ്ധതിയായിരിക്കും.

2050 ഓടു കൂടി സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യത്തോടെ ഉരുത്തിരിഞ്ഞ ബിസിനസ് സംരംഭമായി കാർബൺ ന്യൂട്രാലിറ്റി ഹരിത ബിസിനസ്സ് സംരംഭം എന്ന പ്രോജക്ടിനായി 2026-27 വർഷം പദ്ധതി ആവിഷ്കരിക്കുന്നതാണ്. മാലിന്യ നിയന്ത്രണം ലക്ഷ്യമിടുന്നതിനൊപ്പം സംരംഭകർക്ക് സാമ്പത്തിക ഉന്നമനത്തിനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനത്തിനും ഈ പദ്ധതി ഗുണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**ലക്ഷ്യം** : കാർഷിക മേഖലയുടെ സമഗ്ര പുരോഗതി, ക്ഷീരവികസന മേഖലയിൽ സ്വയം പര്യാപ്തത, തരിശുരഹിത പഞ്ചായത്ത്, മാലിന്യ രഹിത മാതൃകാ പഞ്ചായത്ത്, എല്ലാവർക്കും പാർപ്പിടം, എല്ലാവർക്കും വിദ്യാഭ്യാസം, സ്ത്രീകൾ, കുട്ടികൾ,വയോജനങ്ങൾ , ഭിന്നശേഷി വിഭാഗങ്ങൾ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നിങ്ങനെ സമസ്ത മേഖലകളുടേയും പുരോഗതിയാണ് ലക്ഷ്യം

**വികസന തന്ത്രം** : കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാദണ്ഡങ്ങൾക്കനുസരിച്ച് പഞ്ചായത്തിനു ലഭ്യമാകുന്ന തനതുഫണ്ടിന്റെ വർദ്ധനവ് ഉറപ്പുവരുത്തുക, ധനകാര്യസ്ഥാപനങ്ങളുടെയും, എം.എൽ.എ., എം.പി.ഫണ്ടുകളുടെ ലഭ്യത ഉറപ്പുവരുത്തുക, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ കൂടുതൽ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, വായ്പകളും സംഭാവനകളും ഗുണഭോക്തൃവിഹിതവും സമാഹരിച്ച് പദ്ധതികൾ നടപ്പിലാക്കുക എന്ന വികസന തന്ത്രമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

## V വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

### 2026 – 2027 വാർഷിക പദ്ധതി രൂപീകരണം വകയിരുത്തുവാനുള്ള ഫണ്ടിന്റെ വിവരങ്ങൾ

| വികസന ഫണ്ട് ജനറൽ | 2025 - 26 ൽ ലഭിച്ചത് | 2025- 26 ൽ ചെലവ് (06.03.2026 വരെയുള്ളത്) | 2026 - 27 ൽ പ്രതീക്ഷിക്കുന്നത് |
|---|---|---|---|
| സാധാരണ വിഹിതം | 10928000 | 6288830 | 16434000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (അടിസ്ഥാന ഗ്രാന്റ്) | 1553200 | 256316 | 1553200 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്(പ്രത്യേക ഉദ്ദേശ ഗ്രാന്റ്) | 2329800 | 1367266 | 2329800 |
| എസ്.സി.പി | 4716000 | 2156252 | 4734000 |
| റ്റി.എസ്.പി | 144000 | 45699 | 74000 |
| ആകെ വികസന ഫണ്ട് | 19671000 | 10114363 | 25125000 |
| **മെയിന്റനൻസ് ഫണ്ട്** | | | |
| റോഡ് | 14065000 | 9368683 | 13992000 |
| നോൺ റോഡ് | 4120000 | 2571550 | 4209000 |
| ആകെ മെയിന്റ: ഫണ്ട് | 18185000 | 11940233 | 18201000 |
| ഒട്ടാകെ | 37856000 | 22054596 | 43326000 |

### അനിവാര്യ പ്രോജക്ടുകളായി ആസൂത്രണസമിതി നിശ്ചയിച്ചിട്ടുള്ള ഇനങ്ങൾ

| ക്രമനമ്പർ | പ്രോജക്ടുകൾ |
|---|---|
| 1 | അനുപൂരക പോഷകാഹാര പ്രോജക്ടുകൾ |
| 2 | ലൈഫ്ഭവനപദ്ധതി |
| 3 | എസ്. എസ്. കെ. വിഹിതം |
| 4 | പാലിയേറ്റീവ് കെയർ പ്രോജക്ട് |
| 5 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും |
| 6 | ഐ.കെ.എം. വിഹിതാ |

# VI പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

**ഉല്പാദന മേഖല**

നെൽകൃഷിയും ഇടവിള കൃഷിയും പച്ചക്കറി, മറ്റ് ഇതര വിളകൾ എന്നിവ പരിപോഷിപ്പിച്ച് ഉല്പാദന വർദ്ധനവ് ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക, മൃഗസംരക്ഷണ മേഖലയെ പുഷ്ടിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ സബ്സിഡിയും, കൂടാതെ ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് എന്നീ പ്രോജക്ടുകൾ, മുട്ടക്കോഴി വിതരണം, സുഭിക്ഷ കേരളം വിളവ്യാപനം, തിരിനന, വാഴക്കന്ന് വിതരണം, കിഴങ്ങുവിള കിറ്റ് വിതരണം എന്നിവ 2026- 27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ഇതിലൂടെ പാലും പാലുൽപന്നങ്ങളും, മാംസാഹാരവും ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെങ്കിലും ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായാണ് കണക്കുകൾ തെളിയിക്കുന്നത്. കാർഷിക മേഖലയുടെ വികസനത്തിനായി നീർത്തടാധിഷ്ഠിത വികസന പദ്ധതി പ്രകാരം കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുകയും കൂടുതൽ ആളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരികയും ചെയ്തെങ്കിൽ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയുള്ളു മാറിവരുന്ന നഗരവത്കരണം മേഖലയുടെ തകർച്ചയ്ക്ക് കാരണമാകും.

**സേവനമേഖല**

ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, മാലിന്യ പരിപാലന പദ്ധതികൾ കാര്യക്ഷമമാക്കൽ, ആരോഗ്യമേഖലയുടെയിൽ സേവനം കാര്യക്ഷമമാക്കുന്നതിന് ആയുർവ്വേദ- ഹോമിയോ ഡിസ്പൻസറികളിൽ മരുന്നു വാങ്ങൽ, വെറ്ററിനറി ഹോസ്പിറ്റലിന്റെ സേവനം കാര്യക്ഷമമാക്കൽ,അഗതികൾ,ഭിന്നശേഷി വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉറപ്പാക്കൽ, സ്വയംതൊഴിൽ സംരംഭത്തിന് ധന സഹായം എന്നിവയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓഫീസ് ചെലവുകൾ, എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് തനത് വർഷം പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ. സേവന മേഖലയിൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പദ്ധതി വിഹിതത്തിലെ അപര്യാപ്തത പ്രധാന പ്രശ്നമാണ്.

**പശ്ചാത്തലമേഖല**

പഞ്ചായത്തിന്റെ നിലവിലുള്ളതും വിട്ടുകിട്ടിയിട്ടുള്ളതുമായ ആസ്തികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും, പുതിയവ നിർമ്മിക്കുന്നതിനും പ്രദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി നീക്കിവെക്കപ്പെടുന്ന തുക പൂർണ്ണമായും ചിലവഴിക്കുന്നതിന് കഴിയുന്നു. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളിൽപ്പെടുന്ന റോഡുകളുടെ നവീകരണത്തിനും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മേഖലകൾക്ക് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അവ പൂർത്തീകരിക്കുന്നതിനും പദ്ധതിതുകയും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് വിഹിതവും മെയിന്റനൻസ് ഫണ്ടുകളും മറ്റിതര ഫണ്ടുകളും ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്..

# VII പ്രത്യേക പദ്ധതികൾ / പരിപാടികൾ

## (i) ദാരിദ്ര നിർമ്മാർജ്ജന പദ്ധതി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ദാരിദ്ര അവസ്ഥക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നിലപാടുകളാണ് കൈക്കൊണ്ടിട്ടുള്ളത്. പഞ്ചായത്തിന്റെ ദീർഘവീക്ഷണ കാഴ്ചപ്പാടും പദ്ധതി രൂപീകരണവും പരസ്പരം ബന്ധപ്പെട്ടുകൊണ്ടുള്ള പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനസൗകര്യ വികസനം, ശുദ്ധജല വിതരണം, പൂരക പോഷകാഹാര പദ്ധതി, ലൈഫ് ഭവന നിർമ്മാണം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗങ്ങൾക്ക് സ്കോളർഷിപ്പ്,സ്വയംതൊഴിൽ സംരംഭങ്ങൾ, ശൗചാലയ നിർമ്മാണം, പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ,വയോജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിലൂടെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുവാൻ ലക്ഷ്യമിടുന്നു. ദാരിദ്രനിർമ്മാർജ്ജന പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ പഠിക്കുമ്പോൾ ഈ പദ്ധതി സംബന്ധിച്ച നടത്തിപ്പ് മനസ്സിലാക്കാൻ കഴിയും.

## (ii) അഗതികൾക്കുള്ള പദ്ധതി

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, മുതിർന്നവർ എന്നിവർക്ക് പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്, ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ, വൃദ്ധർ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ എന്നിവർക്ക് കട്ടിൽ, സൗജന്യ മരുന്നു വിതരണം, പെട്ടക്കട മുതലായവയും നടപ്പിലാക്കും. ഭവനനിർമ്മാണം, വീട് അറ്റകുറ്റപ്പണി, പാലിയേറ്റീവ് കെയർ, അഗതി രഹിത കേരളം പദ്ധതി മുതലായ പ്രോജക്ടുകൾ തൻവർഷവും തുടരുന്നു. അതി ദരിദ്രരിലുൾപ്പെട്ടവർക്ക് വീട് മെയിന്റനൻസ്, ആഹാരം, മരുന്ന് എന്നിവ നൽകുന്നതിനായി പദ്ധതികൾ രൂപീകരിച്ച് തൻവർഷം തുടരുന്നതാണ്..

## (iii) വനിതാ ശിശു വികസനം

പൊതുഫണ്ടിന്റെ 10% തുക ഓരോ വർഷവും സ്ത്രീകൾക്കായി മാറ്റിവയ്ക്കുന്നു. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടേയും കുട്ടികളുടെയും പ്രശ്നങ്ങളോടുള്ള ശ്രദ്ധയും പരിഗണനയും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഏറ്റവും വലിയ സവിശേഷതകളാണ്. സംയുക്ത പ്രോജക്ടായി വനിതകൾക്ക് ക്യാൻസർ ചികിത്സാ സഹായ പദ്ധതിയ്ക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരത്തിൽ മുൻപന്തിയിലാണെങ്കിലും ഉന്നത സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും തുടർപഠനത്തിലും ഇവർ പിന്നിലാണ്. മരണനിരക്ക് കുറവാണ്. 100% പ്രസവങ്ങളും ആശുപത്രിയിൽ നടക്കുന്നു എങ്കിലും ഭൂരിപക്ഷം സ്ത്രീകളും കൂടുതൽ കാലം രോഗാവസ്ഥയിലൂടെ ജീവിക്കുന്നവരാണ്. സ്ത്രീകൾക്കെതിരെയുളള സാമൂഹിക അസമത്വം, ലൈംഗിക ചൂഷണം, പീഡനങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും അവയെ ചെറുത്തു തോൽപിക്കുന്നതിനും ആവശ്യമായ പരിശീലനവും ബോധവൽക്കരണ പ്രവർത്തനങ്ങളും തുടരുന്നതാണ്. കുടുംബശ്രീ, ജാഗ്രതാസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ശ്രമിച്ചിട്ടുണ്ട്. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശ്രമം നടത്തുന്നതാണ്.

98 ഓളം വരുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ലഘു സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു എങ്കിലും സ്ഥിരവരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ വിരളമാണ്. വിദ്യാസമ്പന്നരായ സ്ത്രീകൾ പോലും പലപ്പോഴും ആ നിലയിലുള്ള പ്രവർത്തനങ്ങളിൽ നിന്നും പിന്നോട്ടുപോകുന്നു. വരുമാന ദായക പ്രവർത്തനത്തിന്റെ അഭാവം ദാരിദ്രത്തിന്റെ തോത് കൂട്ടിയിട്ടുണ്ട്. ഭവന നിർമ്മാണം, നിർഭയ പദ്ധതി, വിവാഹ ധനസഹായം, അനുപൂരകപോഷകാഹാര പരിപാടി, കന്നുകുട്ടി പരാപലനം എന്നീ പ്രോജക്ടുകൾ ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ജീവത ശൈലി രോഗനിർണ്ണയ പരശോധനാ മൊബൈൽ യൂണിറ്റുകൾ, തയ്യൽ മെഷീൻ വിതരണം, ഹരിത സംരംഭം തുടങ്ങിയവയും ഈ വർഷം പദ്ധതിയിലുണ്ട്

## iv പട്ടികജാതി വികസനം

അടിസ്ഥാന സൗകര്യ വികസനം, ഭൂരഹിത പുനരധിവാസം തുടങ്ങിയ പദ്ധതികൾ ലൈഫ്മിഷൻ ഡിപ്പാർട്ട്മെന്റ് സ്കീം എന്നിവയിലൂടെ തുടർന്നും നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഏകദേശം 1428 ആണ് ജനസംഖ്യ. നഗറുകളിലും മറ്റ് പ്രദേശങ്ങളിലുമായി താമസിക്കുന്ന ഇവരുടെ സാമൂഹിക സാമ്പത്തിക ക്ഷേമപദ്ധതികൾ വിപുലീകരിക്കേണ്ടതുണ്ട്. പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണം, മെറിറ്റോറിയൽ സ്കോളർഷിപ്പ് ,വാട്ടർ ടാങ്ക് നൽകൽ തുടങ്ങിയവയ്ക്ക് പ്രോജക്ട്, രൂപീകരിച്ചിട്ടുണ്ട്..

തുടർവിദ്യാഭ്യാസ പദ്ധതി സൗജന്യമാണെങ്കിലും ഇതിൽ പങ്കെടുക്കുന്നവർ കുറവാണ്. ആനുകൂല്യങ്ങൾക്ക് വിദ്യാഭ്യാസം മാനദണ്ഡമല്ലാത്തതും, ഉന്നത വിദ്യാഭ്യാസം നേടിയവർപ്പോലും കൂലിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ തുടർവിദ്യാഭ്യാസത്തിൽ താല്പര്യമില്ലാത്തതുമാണ് ഇതിനു കാരണം.

വ്യക്തിഗതമായോ കൂട്ടായോ തൊഴിൽ സംരഭങ്ങൾക്ക് തയ്യാറാകാത്തതും ഈ വിഭാഗങ്ങളുടെ വികസനത്തിന് വിഘാതമാണ്. പട്ടിക ജാതി വൃദ്ധർക്ക് സൗജന്യ മരുന്നു വിതരണം, സാക്ഷരതാ പ്രവർത്തനം, ബോധവൽക്കരണം, തുടങ്ങിയവ ക്രര്യക്ഷമമാക്കണം . ഭവനരഹിതരായ പട്ടികജാതിയിൽപെട്ട കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന്റേയും, ജില്ലാ പഞ്ചായത്തിന്റെയും, സംസ്ഥാനഗവൺമെന്റിന്റേയും ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. കൂടാതെ വാസയോഗ്യമല്ലാത്തതും പകുതി തകർന്നതുമായ നിരവധി വീടുകൾ പുനരുദ്ധരിക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മുൻ വർഷം നടപ്പിലാക്കിയ തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

## V പട്ടികവർഗ്ഗ വികസനം

പട്ടിക വർഗ്ഗത്തിൽപെട്ട ജനങ്ങളുടെ അടിസ്ഥാന വികസനം ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ ശരാശരിയാണ്. +2 വരെ പഠനം നടത്തിയവർ വിരളമാണ്. പകുതിയിലധികം വരുന്നവരും 10 ൽ താഴെ വിദ്യാഭ്യാസമുള്ളവരാണ്. സാമൂഹിക സാമ്പത്തിക സ്ഥിതിയിൽ മാറ്റം ഉണ്ടായാൽ മാത്രമേ വിദ്യാഭ്യാസ മേഖലയിൽ നേട്ടം കൈവരിക്കാൻ കഴിയൂ. കൂലിപ്പണിയാണ് പ്രധാന തൊഴിൽ. തുടർവിദ്യാഭ്യാസ പദ്ധതിയിൽപ്പെടുത്തി തുടർപഠനം നടത്തുന്നതിന് ഇവരെ പ്രേരിപ്പിക്കേണ്ടതുണ്ട്. വൃദ്ധർക്ക് കട്ടിൽ, മെറിറ്റോറിയസ് സ്കോളർഷിപ്പ്, ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, ക്രമറ്റോറിയം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ജനസംഖ്യാനുപാതികമായ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ സാധിക്കാതെ വരുന്നു. വീട് മെയിന്റനൻസ്, കുടിവെള്ള പ്രശ്നം, ഊരുകളിലേക്കുള്ള റോഡുകൾ ഈ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടതുണ്ട്.

## vi നീർത്തട പരിപാലന പദ്ധതി

സർക്കാർ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ നീർത്തട വികസന മാസ്റ്റർ പ്ലാനും, മാപ്പും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതും പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ് . നവകേരളാമിഷന്റെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണം, നവീകരണം, മണ്ണ് ജല സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, വനവൽക്കരണം തുടങ്ങിയവ സംയുക്ത പ്രോജക്ടിലൂടെ നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നതാണ്.

## vii സമ്പൂർണ്ണ ഊർജ്ജപദ്ധതി, പാർപ്പിട പദ്ധതി

ഗ്രാമപഞ്ചായത്തിലെ ഭവനരഹിതർക്ക് ഭവനനിർമ്മാണ പദ്ധതി ലൈഫ് മിഷനിലൂടെ നടപ്പിലാക്കി വരുന്നു. വരുന്ന വർഷങ്ങളിൽ പി.എം.എ.വൈ. , ലൈഫ് മിഷൻ പദ്ധതികൾ പ്രകാരം ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 100 % വീടുകളും വൈദ്യുതീകരിച്ചിട്ടുള്ളതാണ്. എല്ലാ പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് രാത്രികാല യാത്രാ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ലൈറ്റുകൾ മെയിന്റനൻസ് നടത്തിവരുന്നു. .

## VIII വായ്പാബന്ധങ്ങൾ

തനതു വർഷം വായ്പാ ബന്ധ പദ്ധതികൾ ഇല്ല

## IX സമഗ്ര പരിപാടികളുംസംയോജന സാധ്യതകളും

പഞ്ചായത്തുകൾ നടപ്പിലാക്കുന്ന മുഴുവൻ പ്രോജക്ടുകളും തനതുഫണ്ടും പ്ലാൻഫണ്ടും ഉപയോഗിച്ച് നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും, എം.എൽ. എ, എം. പി. ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിക്ക് കുടുംബശ്രീമിഷന്റെ ഫണ്ട് ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസമേഖലയിൽ എസ്. എസ്. എ. യുമായി സഹകരിച്ചും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, അനുപൂരക പോഷകാഹാര പരിപാടി മുതലായവ കേന്ദ്ര - സംസ്ഥാന വിഹിതം ഉപയോഗപ്പെടുത്തുന്നു.നെൽകൃഷി കൂലിച്ചെലവ് സബ്സിഡി, ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ്, സാന്ത്വനപരിചരണം, ഭവന നിർമ്മാണം, കാലിത്തീറ്റ, ഭിന്നശേഷി സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതികൾക്ക് ശുചിത്വ മിഷന്റ ഫണ്ട് ലഭ്യമാക്കുന്നു. ത്രിതല പഞ്ചായത്തുകളുടെയും, വിവിധ ഡിപ്പാർട്ടുമെന്റുകളുടേയും പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിൽ ഇനിയും ശ്രദ്ധിക്കേണ്ടതുണ്ട്.

## X മോണിട്ടറിംഗ്

കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം പദ്ധതി പ്രവർത്തനത്തിന്റെ വിജയത്തിന് അനിവാര്യമാണ്. പദ്ധതികൾക്ക് രൂപം നൽകുന്ന വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർമ്മാണം മോനിട്ടർ ചെയ്യുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്തിലും അവലംബിച്ചുപോരുന്നു. ആസ്തി സൃഷ്ടിക്കൽ, ഉൽപാദന വർദ്ധനവ്, ഗുണനിലവാരം മെച്ചപ്പെടുത്തൽ മുതലായ ഇനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ നിർവ്വഹണ പുരോഗതിയും ഗുണമേന്മയും സമയബന്ധിതമായ പൂർത്തീകരണവും വിലയിരുത്തേണ്ടതുമാണ്. ഇതി

നായി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടേയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട മോണിട്ടറിംഗ് സമിതി അംഗങ്ങൾ പദ്ധതികൾ യഥാസമയങ്ങളിൽ വിലയിരുത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ കമ്പ്യൂട്ടർ സംവിധാനത്തിലൂടെ പദ്ധതി പ്രവർത്തനങ്ങളും വിലയിരുത്തലുകളും ദ്രുതഗതിയിൽ നടത്തുന്നതിന് സഹായകമാകുന്നു. കൂടാതെ സാമൂഹ്യാധിഷ്ഠിത മോണിറ്ററിംഗും നടത്തേണ്ടതുണ്ട്.

## ഉപസംഹാരം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിലെ 2026- 27 വാർഷിക പദ്ധതിക്ക് നാം തയ്യാറെടുക്കുകയാണ്. ഉല്പാദന സേവന മേഖലകളുടെ സമഗ്രവികസനം, ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, മാലിന്യ പരിപാലനം എന്നീ മേഖലകളിലെ പുതിയ കാൽവയ്പ്പും, വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള കർമ്മ പരിപാടികൾ, വൃദ്ധർ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ മുതലായവരുടെ ക്ഷേമം, നവകേരളാമിഷൻ വിഭാവനം ചെയ്യുന്ന ഹരിത കേരളം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ആർദ്രം, ദുരന്തനിവാരണം, വാതിൽപടിസേവനം തുടങ്ങിയവയ്ക്ക് മുൻഗണന നല്കിയാണ് ഈ വർഷത്തെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. അന്തിമ പദ്ധതി രൂപീകരണത്തിന് സഹായിച്ച ആസൂത്രണസമിതി അംഗങ്ങൾ, കർമ്മ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റ് ജീവനക്കാർ, ഗ്രാമസഭാംഗങ്ങൾ, സാക്ഷരതാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ, ഗ്രാമസഭാ ഫെസിലിറ്റേറ്റർമാർ, പട്ടികജാതി- പട്ടികവർഗ്ഗ പ്രോട്ടർമാർ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങളിൽ കൂട്ടായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള അന്തിമ പദ്ധതിരേഖ സമർപ്പിക്കുകയാണ്. രൂപീകരിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് രാഷ്ട്രീയ സാമുദായിക ഭേദമില്ലാതെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു

ഭരണസമിതി

കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്

- ☞ സമ്പൂർണ്ണ ശുചിത്വ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. ഗ്രാമ ശുചിത്വം ഉറപ്പു വരുത്തുക.

- ☞ മാലിന്യങ്ങൾ വലിച്ചെറിയാതെ ഉറവിടങ്ങളിൽവച്ചു തന്നെ വേർതിരിച്ച് ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുക.

- ☞ പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിക്കുക. ഹരിത സേനാംഗങ്ങൾക്ക് കൈമാറുക.

- ☞ പഞ്ചായത്തിലേയ്ക്ക് അടയ്ക്കുവാനുള്ള നികുതികൾ യഥാസമയം അടച്ച് പിഴപ്പലിശയിൽ നിന്നും ഒഴിവാകുക.

- ☞ സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതികളിൽ പങ്കാളികളാകുക (4,7,10,+2(ഹയർ സെക്കണ്ടറി), ഡിഗ്രി കോഴ്സുകൾ)

**കെട്ടിട നികുതി ഓൺലൈനായി അടയ്ക്കുന്നതിന്**

**https://ksmart.lsgkerala.gov.in/ui/property-tax/quick-pay-tax/citizen**